REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഓപ്പേറഷൻ സിന്ദൂറിന്റെ അഭിമാനവും മാവോയിസ്റ്റ് ഭീകരതയുടെ പിൻവാങ്ങലും ഉത്സവ വേളയെ കൂടുതൽ ആഹ്ലാദകരമാക്കിയെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **GST സേവിംഗ്സ് ഫെസ്റ്റിവൽ തദ്ദേശീയ സാധനങ്ങളുടെ വാങ്ങൽ ഗണ്യമായി വർദ്ധിപ്പിച്ചെന്നും പ്രധാനമന്ത്രി.**
- **സംസ്ഥാനത്തെ അനുപൂരക പോഷക പദ്ധതിക്ക് 93 കോടി 40 ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ**
- **ആലപ്പുഴയിൽ എയിംസ് സ്ഥാപിക്കാൻ കഴിഞ്ഞാൽ ഒരു നാടിന്റെ പുനരുദ്ധാരണം സാധ്യമാകുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.**
- **സംസ്ഥാന സ്കൂൾ കായികമേളയിൽ ഓവറോൾ കിരീടം ഉറപ്പിച്ച് തിരുവനന്തപുരം ജില്ല.**

## വാർത്തകൾ വിശദമായി

ഉത്സവകാലം ഊർജ്ജസ്വലമാക്കിയ രാജ്യത്തിനും ജനതയ്ക്കും ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത്തിന്റെ 127-ാം പതിപ്പ്. ഓപ്പേറഷൻ സിന്ദൂറിന്റെ അഭിമാനവും മാവോയിസ്റ്റ് ഭീകരതയുടെ പിൻവാങ്ങലും ഉത്സവ വേളയെ കൂടുതൽ ആഹ്ലാദകരമാക്കിയെന്ന് പ്രധാനമന്ത്രി പറഞ്ഞു.

.......PM വോയ്സ്....1

GST സേവിംഗ്സ് ഫെസ്റ്റിവൽ തദ്ദേശീയ സാധനങ്ങളുടെ വാങ്ങൽ ഗണ്യമായി വർദ്ധിപ്പിച്ചെന്ന് പ്രധാനമന്ത്രി അറിയിച്ചു. ഒട്ടേറ സന്ദേശങ്ങളിൽ ജനങ്ങൾ അവർ വാങ്ങിയ തദ്ദേശീയ ഉത്പന്നങ്ങളെ കുറിച്ച് എഴുതിയതായി പ്രധാനമന്ത്രി പറഞ്ഞു. പാചക എണ്ണയുടെ ഉപഭോഗം കുറച്ചതും ശുചിത്വം, ശുചീകരണം എന്നിവയെക്കുറിച്ചും ഒട്ടേറെ സന്ദേശങ്ങൾ ലഭിച്ചു. ഛത്തീസ്ഗഢിലെ അംബികാപൂരിൽ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിന് ഗാർബേജ് കഫേകൾ തുറന്ന വിശേഷം പ്രധാനമന്ത്രി പങ്കുവെച്ചു. ഒരു കിലോ പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ എത്തിക്കുന്നവർക്ക് ഉച്ചഭക്ഷണമോ അത്താഴമോ അര കിലോ കൊണ്ടുവരുന്നവർക്ക് പ്രഭാത ഭക്ഷണവും നൽകുന്ന പദ്ധതി അംബികാപൂർ മുൻസിപ്പൽ കോർപ്പറേഷനാണ് ആവിഷ്കരിച്ചത്.

.......PM വോയ്സ്....2

തടാകനഗരമായ ബംഗലൂരുവിലെ ജലാശയങ്ങൾ വീണ്ടെടുക്കാൻ കപിൽ ശർമയെന്ന എഞ്ചിനിയറും സംഘവും നടപ്പാക്കിയ ദൗത്യം പ്രധാനമന്ത്രി എടുത്തുപറഞ്ഞു. 40 കിണറുകളും ആറ് തടാകങ്ങളും പുനരുജ്ജീവിപ്പിക്കാൻ അവർക്ക് കഴിഞ്ഞു.

....ഡെസ്ക് റിപ്പോർട്ട്.......

........വോയ്സ്.....

പരിസ്ഥിതി സംരക്ഷണത്തിന് കണ്ടൽക്കാടുകളുടെ പ്രാധാന്യം കണ്ടറിഞ്ഞ് ഗുജറാത്ത് ധൊലേര തീരത്ത് നടപ്പാക്കിയ ക്യാമ്പയിൻ വലിയ വിജയത്തിലേക്ക് നീങ്ങുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. 3,500 ഹെക്ടറിൽ വ്യാപിച്ച കണ്ടൽക്കാട് ആവാസ വ്യവസ്ഥയിൽ ഡോൾഫിനുകളുടേയും മറ്റ് ജലജീവികളുടേയും എണ്ണത്തിൽ വൻ വർദ്ധനയുണ്ടാക്കി. ദേശാടനപക്ഷികളും കൂടുതലായി മേഖലയിൽ എത്തുന്നുണ്ട്. ഇത് ധൊലേരയിലെ മത്സ്യ കർഷകർക്കും ഗുണകരമാണ്. ഗുജറാത്തിലെ കച്ചിലും കണ്ടൽച്ചെടികളുടെ നട്ടുപിടിപ്പിക്കൽ പുരോഗമിക്കുന്നു. കോറിക്രീക്കിൽ കണ്ടൽ പഠനകേന്ദ്രവും സ്ഥാപിച്ചുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.

രാജ്യത്തിന്റെ പരിസ്ഥിതിയോടും സാഹചര്യങ്ങളോടും എളുപ്പത്തിൽ പൊരുത്തപ്പെടുന്ന തദ്ദേശ ഇനം നായ്ക്കളെ ദത്തെടുക്കാൻ അഞ്ച് വർഷം മുമ്പ് നടത്തിയ അഭ്യർത്ഥന എടുത്തു പറയേണ്ട വിജയമായതായും പ്രധാനമന്ത്രി വെളിപ്പെടുത്തി. BSF ഉം CRPF ഉം ഡോഗ്സ്ക്വാഡിൽ തദ്ദേശ ഇനങ്ങളെ കൂടുതലായി ഉൾപ്പെടുത്തി. ഗ്വാളിയോറിലെ ടെകൻപൂർ നായപരിശീലന കേന്ദ്രത്തിൽ രാംപൂർ ഹൗണ്ടിനും മുധോൾ ഹൗണ്ടിനും പ്രത്യേക പരിശീലനം നൽകുന്നുണ്ട്. ബംഗലൂരുവിലെ CRPF ഡോഗ് ബ്രീഡിംഗ് ആന്റ് ട്രെയിനിംഗ് സെന്ററിൽ മോൺഗ്രൽ, കോംബൈ, പാണ്ടിക്കോള

നായ്ക്കൾക്കും പരിശീലനം നൽകിവരുന്നു. ഇത്തരം നായ്ക്കൾ മികച്ച പ്രകടനം കാഴ്ചവെച്ചതായും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

ഈ മാസം 31ന്, സർദാർ വല്ലഭായി പട്ടേൽ ജന്മവാർഷികം ആഘോഷിക്കുന്ന ഏകതാ ദിനത്തിൽ ഗുജറാത്തിലെ സ്റ്റാച്യൂ ഓഫ് യൂണിറ്റിയിലെ പരേഡിന് സാക്ഷ്യം വഹിക്കാൻ അദ്ദേഹം എല്ലാവരേയും ആഹ്വാനം ചെയ്തു. സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് പട്ടേൽനൽകിയ സംഭാവനകൾ അദ്ദേഹം അനുസ്മരിച്ചു. ഉപപ്രധാനമന്ത്രി, ആഭ്യന്തര മന്ത്രി എന്ന നിലകളിലും അദ്ദേഹത്തിന്റെ സംഭാവനകൾ കനപ്പെട്ടതാണ്. ഭരണചട്ടക്കൂടിന് അടിത്തറ പാകിയതും പട്ടേലാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ജന്മദിനത്തിലെ റൺ ഫോർ യൂണിറ്റിയിൽ എല്ലാവരും പങ്കെടുക്കണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

.......PM വോയ്സ്....3

✪✪✪

ഇന്ത്യൻ കാപ്പിക്ക് ലോകമെങ്ങും വർദ്ധിച്ചുവരുന്ന സ്വീകാര്യത പ്രധാനമന്ത്രി ശ്രദ്ധയിൽ പെടുത്തി. കോർപ്പറേറ്റ് ജോലികൾ പോലും ഉപേക്ഷിച്ച് ഒഡീഷ്യയിൽ കോരാപുട്ട് കാപ്പി കൃഷിയിൽ വിജയം നേടിയവരെ പരിചയപ്പെടുത്തിയ പ്രധാനമന്ത്രി കേരളത്തിലെ വയനാട്, മലബാർ, തിരുവിതാംകൂർ, പ്രദേശത്തെ കാപ്പിയുടെ വൈവിദ്ധ്യവും എടുത്തുപറഞ്ഞു.

നവംബർ ഏഴിന് വന്ദേമാതരത്തിന്റെ 150-ാം വാർഷികം അവിസ്മരണീയമാക്കണമെന്ന് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. വന്ദേമാതര മന്ത്രം 140 കോടി ഭാരതീയരുടെ മനസ്സിൽ ഐക്യത്തിന്റെ ഊർജ്ജം പകരുന്നതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. 19-ാം നൂറ്റാണ്ടിൽ എഴുതിയതാണെങ്കിലും അതിന്റെ ആത്മാവ് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പേ രൂപപ്പെട്ട അനശ്വരം ബോധവുമായി ബന്ധപ്പെട്ടതാണ്. വന്ദേമാതരത്തിന്റെ രചനയിലൂടെ ബങ്കിം ചന്ദ്ര ചാറ്റർജി രാജ്യത്തിന്റെയും ജനങ്ങളുടേയും വികാരങ്ങൾ ആവിഷ്കരിച്ചതായി അദ്ദേഹം വിലയിരുത്തി. വന്ദേമാതരത്തിന്റെ മഹത്വം ഉദ്ഘോഷിക്കാൻ #വന്ദേമാതരം 150 എന്നതിനൊപ്പം നിർദേശങ്ങൾ അയക്കണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

സംസ്കൃത ഭാഷയോട് യുവ ജനങ്ങളിൽ വർദ്ധിച്ചുവരുന്ന താല്പര്യം പ്രധാനമന്ത്രി ശ്രോതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തി. കണ്ടന്റ് ക്രിയേറ്ററും ക്രിക്കറ്ററുമായ യാഷ് സലുന്ദ്കെയുടെ സംസ്കൃത റീലുകളെപറ്റി അദ്ദേഹം

പരാമർശിച്ചു. നാഗരികതയുടെ മൂല്യങ്ങളും പാരമ്പര്യങ്ങളും ഭാഷയിൽ ഉൾച്ചേർന്നിരിക്കുന്നതായി പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നൈസാമിന്റെ ക്രൂരതകൾക്കെതിരെ പോരാടിയ കൊമരം ഭീമിന്റെ ജന്മദിനം ഹൈദരാബാദിൽ ഈ മാസം 22ന് ആഘോഷിച്ച വിവരവും പ്രധാനമന്ത്രി പങ്കുവെച്ചു. അദ്ദേഹത്തിന്റെ ചരിത്രം കൂടുതലായി പഠിക്കാനും പ്രചരിപ്പിക്കാനും പ്രധാനമന്ത്രി യുവജനങ്ങളോട് അഭ്യർത്ഥിച്ചു.

നവംബർ 15ന് ഭഗവാൻ ബിർസാമുണ്ടെയുടെ ജന്മവാർഷിക ദിനം ഗോത്ര അഭിമാന ദിനമായി ആചരിക്കുന്നു. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും ഗോത്രവർഗ്ഗത്തിന്റെ അവകാശങ്ങൾക്കും വേണ്ടി പോരാടിയ ബിർസാമുണ്ടെക്ക് പ്രധാനമന്ത്രി ആദരാഞ്ജലി അർപ്പിച്ചു.

✪✪✪

അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം ഉറപ്പാക്കുന്ന അനുപൂരക പോഷക പദ്ധതിക്ക് 93 കോടി 40 ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. ആറുവയസിൽ കുറഞ്ഞ കുഞ്ഞുങ്ങൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ തുടങ്ങിയവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇവർക്ക് അങ്കണവാടികൾ വഴി പോഷകാഹാരം ഉറപ്പാക്കും. തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് വനിതാ-ശിശു വികസന വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

ആലപ്പുഴയിൽ എയിംസ് സ്ഥാപിക്കാൻ കഴിഞ്ഞാൽ കമ്മ്യൂണിസം കൊണ്ട് നശിച്ചുപോയ ഒരു നാടിന്റെ പുനരുദ്ധാരണം സാധ്യമാകുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അഭിപ്രായപ്പെട്ടു. തൃശ്ശൂരിൽ എയിംസ് കൊണ്ടുവരാമെന്ന് ഉറപ്പ് നൽകിയിട്ടില്ലെന്നും, തൃശ്ശൂരിന്റെ മാത്രം MPയായല്ല, മലയാളിയെന്ന നിലയിലാണ് ചിന്തിക്കുന്നതെന്നും സുരേഷ് ഗോപി പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദി മുൻപോട്ട് വയ്ക്കുന്ന സബ്കാ സാത്ത്, സബ്കാ വിശ്വാസ്, സബ് കാ വികാസ് എന്ന മുദ്രാവാക്യമാണ് ഈ വിഷയത്തിൽ അടിസ്ഥാനമാക്കേണ്ടതെന്നും സുരേഷ് ഗോപി കൂട്ടിച്ചേർത്തു.

✪✪✪

ഗവൺമെന്റ് മേഖലയിലെ നാലാമത്തെ ആയുർവേദ മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഉച്ചകഴിഞ്ഞ് ഇടുക്കി ഉടുമ്പൻചോലയിൽ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. നാഷണൽ ആയുഷ് മിഷന്റെ 66 നിർമ്മാണ പ്രവൃത്തികൾക്കും മന്ത്രി തുടക്കമിടും.

✪✪✪

PM ശ്രീ നടപ്പാക്കാൻ തീരുമാനിച്ചെങ്കിലും പാഠപുസ്തകം തയ്യാറാക്കുന്നത് സംസ്ഥാന ഗവണ്മെന്റായിരിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. PM ശ്രീയിൽ ഒപ്പിടുന്നതിന് മുൻപ് നിയമോപദേശം തേടിയതായും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

PM ശ്രീയിൽ മുൻപ് CPIM സ്വീകരിച്ച നയത്തിൽ നിന്നും വ്യത്യസ്തമായാണ് ഇപ്പോൾ മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും തീരുമാനം എടുത്തിരിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ കുറ്റപ്പെടുത്തി. പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് മുഖ്യമന്ത്രിയുടെ മനം മാറ്റമെന്നും VD സതീശൻ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴയും കാറ്റും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള -ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഈ മാസം 28 വരെ മീൻപിടുത്ത വിലക്ക് ഏർപ്പെടുത്തി.

✪✪✪

ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട മോൻത ചുഴലിക്കാറ്റ് നാളെ രാവിലെയോടെ ശക്തി പ്രാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി . ഇതോടെ ആന്ധ്രപ്രദേശ്, ഒഡീഷ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. മറ്റന്നാൾ വൈകിട്ടോടെ ആന്ധ്രാ തീരത്തെ കാക്കിനഡയിൽ ചുഴലിക്കാറ്റ് കര തൊടുമെന്നു കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയിൽ ഓവറോൾ കിരീടം ഉറപ്പിച്ച് തിരുവനന്തപുരം ജില്ല. 1,491 പോയിന്റുമായാണ് അവർ ഒന്നാം സ്ഥാനത്ത് തുടരുന്നത്. 721 പോയിന്റുമായി തൃശൂരാണ് രണ്ടാം സ്ഥാനത്ത്. 623 പോയിന്റ് നേടി പാലക്കാട് മൂന്നാമതുണ്ട്.

നീന്തൽ ചാമ്പ്യൻഷിപ്പിൽ തിരുവനന്തപുരം ജില്ല കിരീടം നേടി. 73 സ്വർണ്ണം, 63 വെള്ളി, 46 വെങ്കലം എന്നിവ ഉൾപ്പെടെ 649 പോയിന്റോടെയാണ് ജില്ല നീന്തൽ ചാമ്പ്യൻമാരായത്.

ഗെയിംസിൽ 818 പോയിന്റുമായി തിരുവനന്തപുരം ജില്ല തന്നെയാണ് ഒന്നാം സ്ഥാനത്ത്. അത്‌ലറ്റിക്സിൽ 51 ഇനങ്ങൾ പൂർത്തിയായപ്പോൾ 134 പോയിന്റോടെ പാലക്കാട് ഒന്നാം സ്ഥാനത്ത് തുടരുന്നു.

✪✪✪

സംസ്ഥാന സ്കൂൾ ഒളിമ്പിക്സ് അത്‌ലറ്റിക്സിൽ സ്പോർട്സ് ഹോസ്റ്റലുകളിൽ മുന്നിൽ തിരുവനന്തപുരം ജി വി രാജ സ്പോർട്സ് സ്കൂളാണ്. ഇതുവരെ 23 പോയിന്റാണ് ജി വി രാജ സ്വന്തമാക്കിയത്.

✪✪✪

സംസ്ഥാന സ്കൂൾ കായികമേള സംഘാടനത്തെ CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ അഭിനന്ദിച്ചു. ലോക ശ്രദ്ധ ആകർഷിക്കുന്ന പരിപാടിയായി കായികമേള മാറിയെന്നും മഴയത്തും വെയിലത്തും മത്സരാർത്ഥികൾക്ക് ആരോഗ്യകരമായി മത്സരിക്കാവുന്ന സ്റ്റേഡിയമാണ് ഇത്തവണത്തെ ആകർഷണം എന്നും ഗോവിന്ദൻ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിന് നവിമുംബൈയിലെ DY പാട്ടീൽ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: ശ്രിജി*
*NRTs: അനിൽ ചന്ദ്രൻ, രജിന കെ*
*DEO: സി കെ സുബോധ്*

आकाशवाणी